## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- T 1913 — 25.03.2013-ൽ മറുപടിയ്ക്ക്

### മണി ചെയിൻ തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | വ്യാപകമായി പണപ്പിരിവ് നടത്തുന്ന മണിചെയിൻ തട്ടിപ്പ് കമ്പനികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യാപകമായി പണപ്പിരിവ് നടത്തുന്ന മണിചെയിൻ തട്ടിപ്പ് കമ്പനികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലകളിൽ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്വകാര്യ പണമിടപാടിന്റെ പേരിൽ ചൂഷണം നടത്തുന്ന ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ബി) | ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ രഹസ്യാന്വേഷണ വിഭാഗം കർശന നിരീക്ഷണം നടത്തി നിയമ ലംഘനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിച്ചു വരുന്നു. കൂടാതെ ഇത്തരം തട്ടിപ്പു സംഘങ്ങളെക്കുറിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനു പുറമേ റിപ്പോർട്ടാകുന്ന സംഭവങ്ങൾ നിലവിലുള്ള നിയമ വ്യവസ്ഥ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ